## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1461** **20.01.2014-ൽ മറുപടിക്ക്**

### ആറ്റിങ്ങൽ അയിലം പാലം നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| (എ) ആറ്റിങ്ങൽ അയിലം പാലം നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ; | (എ) ആറ്റിങ്ങൽ, ചിറയിൻകീഴ് എന്നീ നിയോജക മണ്ഡലങ്ങളിൽ ഉൾപ്പെട്ട അയിലം പാലത്തിന്റെ നിർമ്മാണത്തിന് 09.12.2010-ൽ കോൺട്രാക്ടർ എഗ്രിമെന്റ് വച്ചു. നിലവിൽ രണ്ട് അബട്ട്മെന്റും ഒരു പിയറും പൂർത്തിയായി. മൊത്തം 25.32 മീറ്റർ നീളത്തിൽ 3 സ്പാനോടു കൂടിയ പാലത്തിന്റെ അയിലം ഭാഗത്തുള്ള സ്ലാബിന്റെ കോൺക്രീറ്റ് പണി 24.01.2014-ൽ ചെയ്യാൻ നിശ്ചയിച്ചിരിക്കുകയാണ്. |
| (ബി) അയിലം പാലം നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കി പാലം ഗതാഗത യോഗ്യമാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) നടപടി സ്വീകരിച്ചുവരുന്നു. 2014 ആഗസ്റ്റ് മാസത്തോടെ പണി പൂർത്തിയാക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ